**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4063** **09-08-2021 - ൽ മറുപടിയ്ക്ക്**

**റബ്ബറൈസ്ഡ് റോഡുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിങ്ങ് നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള പ്രതല നവീകരണത്തിനായി NRMB(നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ആണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്. |
| (ബി) | നിലവിൽ ഇത്തരം ടാറിങ്ങ് നടത്തിയിട്ടുള്ള റോഡുകളുടെ ഈട് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ശരാശരി എത്രകാലം ഇവ കേടുകൂടാതെ നിലനിൽക്കുമെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല. കാലാവസ്ഥ വ്യതിയാനം, ഗതാഗത തീവ്രത എന്നിവമൂലം ഇത്തരം റോഡുകൾ ശരാശരി 7 വർഷം നിലനിൽക്കുന്നതായി കാണുന്നു. |
| (സി) | ഇത്തരം ടാറിങ്ങ് വിജയകരമാണെങ്കിൽ കൂടുതൽ റോഡുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ